# വിശപ്പ്

അയാൾ വിജനമായ ചെമ്മൺ പാതയിലൂടെ എങ്ങോട്ടെന്നറിയാതെ തന്റെ പാദങ്ങൾ പെറുക്കിപെറുക്കി വെച്ച് നടന്നു.അപ്പോൾ ഒരു ബസ്സ് ഹോണടിച്ചു കൊണ്ടതിലെ കടന്നുപോയി. അയാൾ മറ്റൊന്നിലും ശ്രദ്ധിക്കാതെ മുന്നോട്ടുനീങ്ങിക്കൊണ്ടേയിരുന്നു. എൺപതിനോടടുത്ത് പ്രായം വരുന്ന



The Sydney Morning Herald

EXTENT OF CRISIS REVEALED

20,000 die each day

അയാളുടെ നിർജീവമായ കണ്ണുകൾ പ്രായാധിക്യത്തിന്റെ അസ്വസ്ഥതകൾ വിളിച്ചുപറയുന്നവയായിരുന്നു. വിയർപ്പിൻ കണങ്ങൾ അയാളുടെ നെറ്റിയിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. എല്ലുകൾ ഉന്തിനിന്നിരുന്ന അയാളുടെ വിരലുകൾ ആ വിയർപ്പുകണങ്ങൾ തുടച്ചുമാറ്റിക്കൊണ്ടേയിരുന്നു. അയാളുടെ പ്രവൃത്തികളെല്ലാം യാന്ത്രികമായിരുന്നതിനാൽ അയാളൊരു ശ്രദ്ധാകേന്ദ്രമായി മാറി. അയാൾ ചെമ്മൺപാതയിൽനിന്ന് ഹൈവേയിലേക്ക് കടന്നു.എങ്ങോട്ടാണീ യാത്ര?എന്തിനുവേണ്ടിയാണിത്? ഒരുപാട് ചോദ്യങ്ങൾ അയാളുടെ മനസ്സിൽ രൂപപ്പെട്ടുകൊണ്ടേയിരുന്നു.അയാൾ മുന്നോട്ടുനീങ്ങിക്കൊണ്ടേയിരുന്നു. ഇപ്പോൾ അയാളുടെ മനസ്സുനിറയെ ചോർന്നൊലിക്കുന്ന തന്റെ കൂരയിൽ തന്നെയും കാത്ത് ഒരിറ്റുവറ്റിനുവേണ്ടി കൊതിച്ചുനിൽക്കുന്ന തന്റെ പ്രിയപത്നിയാണ്. തന്റെ വീട്ടിൽനിന്നിറങ്ങുമ്പോൾ വരെ വേഗംവരണേയെന്ന് അപേക്ഷിച്ച് ക്ഷയരോഗത്തിന്റെ പിടിയിലകപ്പെട്ട് കട്ടിലിൽ തണുത്തുവിറച്ചുകിടക്കുന്ന തന്റെ ഭാര്യ.കീറിപ്പറിഞ്ഞ വസ്ത്രങ്ങളിൽ നോക്കി വിധിയെ പഴിക്കുന്ന ഭാര്യ.ഒരിക്കലും തന്നെ കുറ്റപ്പെടുത്താത്ത സ്നേഹസമ്പന്നയായ ഭാര്യ.അവൾക്കുനൽകാൻ ഒരിറ്റുവറ്റെങ്കിലും കിട്ടാൻ അയാൾ മനസ്സുകൊണ്ടാഗ്രഹിച്ചു.അനേകം വേലക്കാരും നായ്ക്കളുമുള്ള ഒ രു സമ്പന്നന്റെ വീടു കണ്ടപ്പോൾ അയാൾ കയറിച്ചെന്നു.തന്റെ ദുരവസ്ഥ അറിയിച്ച് കുറച്ചു ഭക്ഷണം വാങ്ങുകയായിരുന്നു ലക്ഷ്യം.അയാളെ അകത്തേക്കു കടത്തിവിടാൻ ആ സെക്യൂരിറ്റി തയ്യാറായില്ല.സെക്യൂരിറ്റി ആ പടുവൃദ്ധനെ ചീത്ത പറയുകയും റോഡിലേക്ക് തള്ളിവിടുകയും ചെയ്തു.മുട്ടുപൊട്ടി ചോര വാർന്നൊഴുകിയ പ്പോൾ വൃദ്ധൻ വേച്ചു വേച്ചു തന്റെ കുടിലിലേക്ക് നടന്നു.വെറുംകൈയുമായി തിരിച്ചുവരുന്നതുകണ്ടിട്ടും വൃദ്ധനെ ശകാരിച്ചില്ല.

അയാളുടെ മുട്ടിലെ മുറിവുകണ്ട് തനിക്ക് ആവുന്നതുപോലെ ശുശ്രൂഷിക്കാനും പരിശ്രമിച്ചു.അവർ വെള്ളം മാത്രം കുടിച്ച് തന്റെ

വയറിനെ സാന്ത്വനിപ്പിച്ചു. പിറ്റേദിവസവും വൃദ്ധൻ അന്നന്നത്തെയാഹാരത്തിനുള്ള വകക്കായി അതിരാവിലെതന്നെ യാത്ര ആരംഭിച്ചു. വഴിയിൽക്കാണുന്ന കുരുന്നുകളെല്ലാം അയാളുടെ കീറിപ്പറിഞ്ഞ വസ്ത്രവും ജഡപിടിച്ച മുടിയും കണ്ട് അമ്മമാരുടെ പിറകിൽ ഒളിച്ചു. അനേകം ധനികരുടെ വീടുകൾ കയറിയിറങ്ങിയിട്ടും ആട്ടും തുപ്പുമല്ലാതെ അയാൾക്ക് മറ്റൊന്നും ലഭിച്ചില്ല. ഭക്ഷണത്തിനുവേണ്ടി അയാൾ മുന്നോട്ടുതന്നെ നടന്നു.പ്രായാധിക്യത്താലും അസഹനീയമായ



ചൂടിനാലും ആ വൃദ്ധപിതാവ് വഴിയരുകിൽ കുഴഞ്ഞുവീണു.കുറേനേരം ആരും ശ്രദ്ധിക്കാതെ അയാൾ അവിടെത്തന്നെകിടന്നു.പിന്നീടാരോ തന്നെ കൈക്കുപിടിച്ചു കൊണ്ടുപോകുന്നതായി അയാൾ തിരിച്ചറിഞ്ഞു. പിന്നെ അയാൾ വീണ്ടും ഉറക്കത്തിലേക്ക് വഴുതിവീണു.കണ്ണുതുറക്കുമ്പോൾ അയാൾ ഏതോ വീടിന്റെ നടുത്തളത്തിൽ കിടക്കുകയാണ്. അപ്പോൾ ഒരു മനുഷ്യൻ വന്ന് അയാളെ ശുശ്രൂഷിച്ചു. അയാളോട് ആ മനുഷ്യൻ ഒരു സാമൂഹ്യപ്രവർത്തകനാണെന്നും അയാളാണ് ആ വൃദ്ധനെ രക്ഷിച്ചതെന്നും



വെളിപ്പെടുത്തുന്നു. ആ മനുഷ്യൻ ആ വൃദ്ധനോട് അയാളുടെ വീടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും ചോദിച്ചു. അയാൾ തന്റെ അത്യാഗ്രഹികളായ മക്കളെക്കുറിച്ചും അവർ സ്വത്ത് എഴുതിമേടിച്ച് തങ്ങളെ ഇറക്കിവിട്ടതിനെക്കുറിച്ചും പഞ്ചായത്തംഗങ്ങൾ മുൻകൈയെടുത്ത് തെരുവിലൊരു കൊച്ചുവീടു വെച്ചുതന്നതിനെക്കുറിച്ചും അയാൾ പറഞ്ഞു. സാമൂഹ്യപ്രവർത്തകനായ അയാൾ ഭക്ഷണവും കുറച്ചു പൈസയും അയാളെ ഏൽപ്പിക്കുന്നു.ഭാര്യക്ക് നല്ല ഭക്ഷണം കൊടുക്കാനുള്ള ധൃതിയിൽ അയാൾ പെട്ടെന്ന് നടന്നു. അയാൾ വീടിനുള്ളിലേക്ക് പ്രവേശിച്ചു. പുതപ്പിനുള്ളിൽ തണുത്തുവിറച്ചുകിടന്ന ഭാര്യയെ അയാൾ കുലുക്കിവിളിച്ചു. നല്ല ഭക്ഷണം കഴിക്കാൻ ആഗ്രഹിച്ച ആ നല്ല ഭാര്യ അവിടെയുണ്ടായിരുന്നില്ല. അവളുടെ ഹൃദയമിടിപ്പ് നിലച്ചിരുന്നു......

**അലീന ബെന്നി 9 എ**